Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release

Ref: 807/KCBC/K-6/KPR/DS 13.7.2021

# ഫരിദാബാദ് ഡൽഹി രൂപതയുടെ ഇടവക ദൈവാലയം തകർത്തത് അന്വേഷണ വിധേയമാക്കണം: കെസിബിസി

കൊച്ചി: സീറോ മലബാർ ഫരിദാബാദ് ഡൽഹി രൂപതയുടെ ഇടവകയായ ലാഡോസരായി അന്ധേരിയ മോഡ് ലിറ്റിൽ ഫ്ളവർ ദേവാലയം പൂർണമായും നശിപ്പിക്കപ്പെട്ടതിൽ അതിയായ നടുക്കവും ഖേദവുമറിയിക്കുന്നു.

സീറോ മലബാർ ഫരിദാബാദ് ഡൽഹി രൂപതയുടെ ഇടവകയായ ലാഡോസരായി അന്ധേരിയ മോഡ് ലിറ്റിൽ ഫ്ളവർ ദേവാലയം ജൂലൈ 12-ാം തീയതി രാവിലെ പത്തു മണിയോടുകൂടി ഒരു കൂട്ടം ആളുകൾ ബി ഡി ഓ യുടെ പേരിൽ ജെസിബിയോടുകൂടി പള്ളിയങ്കണത്തിൽ പ്രവേശിച്ച് ബഹുമാനപ്പെട്ട വികാരിയച്ചനെയും മറ്റ് ഇടവക ജനങ്ങളെയും പുറത്താക്കി പോലീസ് സന്നാഹത്തോടെ ദേവാലയം പൂർണമായും നശിപ്പിച്ചതായാണ് അറിയുന്നത്.

ദേവാലയം ഇരിക്കുന്ന പ്രസ്തുത സ്ഥലം 1982 മുതൽ ഒരു വ്യക്തിയുടേതായിരുന്നുവെന്നും ഇടവക അംഗം കൂടിയായിരുന്ന അദ്ദേഹം ഈ സ്ഥലം ദേവാലയം പണിയുന്നതിനുവേണ്ടി ഇഷ്ടദാനമായി നല്കുകയായിരുന്നുവെന്നുമാണ് മനസ്സിലാക്കുന്നത്. ഈ സ്ഥലത്തിന്റെ ആവശ്യമായ എല്ലാ രേഖകളും - വെള്ളക്കരം, വൈദ്യുതി ബിൽ, പ്രോപ്പർട്ടി ടാക്സ് എന്നിവയടക്കം കൃത്യമായി അടച്ചിരുന്നതായും അറിയുന്നു. ആവശ്യമായ എല്ലാ കൈവശാവകാശ രേഖകളും കൃത്യമായി ഉണ്ടായിരുന്ന ഈ ഭൂമിയിൽ പ്രവേശിച്ച് ദേവാലയം തകർത്തത് തികച്ചും ദുഃഖകരമായ ഒന്നാണ്.

രണ്ടായിരത്തോളം വരുന്ന പ്രവാസികളായ സീറോ മലബാർ വിശ്വാസികളുടെ ഈ ആരാധന ആലയം യാതൊരു മുന്നറിയിപ്പുമില്ലാതെ പൊളിച്ചതിനെ കുറിച്ച് ഗൗരവമായ അന്വേഷണം നടത്തണമെന്ന് കെസിബിസി ഡൽഹി സർക്കാരിനോട് അഭ്യർത്ഥിച്ചു.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

PRESIDENT
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

VICE-PRESIDENT
His Excellency
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

SECRETARY GENERAL
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax 04936 221287
E-mail: bishopbty@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com